**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2451** **02-08-2021 - ൽ മറുപടിയ്ക്ക്**

**കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ് ടോയ്‌ലറ്റ് ബ്ലോക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ് ടോയ്‌ലറ്റ് ബ്ലോക്ക് എന്ന പേരിൽ ടോയ്‌ലറ്റ് സൗകര്യം ഒരുക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട്. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോക നിലവാരമുള്ള ടോയിലറ്റുകൾ നിർമ്മിക്കാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. കിറ്റ്കോയാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി. ഈ പദ്ധതി വഴി വർക്കല ബീച്ച്, ശംഖുമുഖം ബീച്ച്, കൊല്ലം ബീച്ച്, ആലപ്പുഴ ബീച്ച്, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, ഫോർട്ട് കൊച്ചി, മലമ്പുഴ ഡാം, കോഴിക്കോട് ബീച്ച് പാർക്ക്, പൂക്കോട്, കാരാപ്പുഴ, പയ്യാമ്പലം ബീച്ച്, ബേക്കൽ എന്നീ 12 കേന്ദ്രങ്ങളിൽ ടോയിലറ്റുകൾ സ്ഥാപിക്കുന്നതിനായി 17.76 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പൂക്കോട്, കൊല്ലം, ആലപ്പുഴ, വർക്കല, പയ്യാമ്പലം, കാരാപ്പുഴ, ശംഖുമുഖം, മൂന്നാർ എന്നീ വർക്കുകൾ കോൺട്രാക്ടർക്ക് അവാർഡ് ചെയ്തു കഴിഞ്ഞു. ബേക്കൽ, കോഴിക്കോട് ഭട്ട്റോഡ്, ഫോർട്ട് കൊച്ചി എന്നീ മൂന്ന് വർക്കുകൾ ടെണ്ടർ ചെയ്തു കഴിഞ്ഞു. മലമ്പുഴ പദ്ധതിയ്ക്ക് ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി ലഭിക്കേണ്ടതുണ്ട്. ശംഖുമുഖം, കൊല്ലം, ആലപ്പുഴ, വർക്കല, ഫോർട്ട് കൊച്ചി, പയ്യാമ്പലം, ബേക്കൽ എന്നീ പദ്ധതികൾക്ക് CRZ ക്ലിയറൻസ് ലഭിക്കേണ്ടതുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് എന്നും ഓരോ കേന്ദ്രത്തിനും അനുവദിച്ച തുകയും അറിയിക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചുമതലയുള്ള ഏജൻസി ഏതാണെന്നും ഓരോ ടൂറിസം കേന്ദ്രത്തിലെയും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ? | (സി) | (എ) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ് ടോയ് ലറ്റ് ബ്ലോക്ക് പദ്ധതി | | |
|---|---|---|
| **ക്രമ നം.** | **ഡെസ്റ്റിനേഷൻ** | **ഭരണാനുമതി തുക** |
| 1 | വർക്കല ബീച്ച് | ₹ 1,48,53,109.00 |
| 2 | ശംഖുമുഖം ബീച്ച് | ₹ 1,41,33,829.00 |
| 3 | കൊല്ലം ബീച്ച് | ₹ 1,47,98,871.00 |
| 4 | ആലപ്പുഴ ബീച്ച് | ₹ 1,51,59,061.00 |
| 5 | മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ | ₹ 1,48,34,775.00 |
| 6 | ഫോർട്ട് കൊച്ചി | ₹ 1,51,08,534.00 |
| 7 | മലമ്പുഴ ഡാം | ₹ 1,35,53,281.00 |
| 8 | കോഴിക്കോട് ബീച്ച് പാർക്ക് | ₹ 1,36,20,396.00 |
| 9 | പൂക്കോട് തടാകം | ₹ 1,84,11,572.00 |
| 10 | കാരാപ്പുഴ | ₹ 1,44,30,565.00 |
| 11 | പയ്യാമ്പലം ബീച്ച് | ₹ 1,42,83,689.00 |
| 12 | ബേക്കൽ | ₹ 1,35,75,626.00 |
| **ആകെ** | | **₹ 17,67,63,308.00** |

**സെക്ഷൻ ഓഫീസർ**